**Syro-Malabar Eparchy of St Thomas the Apostle, Melbourne, Australia**
**and**
**Apostolic Visitation to the Syro-Malabar Faithful in New Zealand**

MY LORD MY GOD

Prot.No.MPL: 11/21/54

**ഇടയലേഖനം**
**നോമ്പുകാലം - 2021**

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും പെസഹാരഹസ്യങ്ങളിലേക്ക് വിഭൂതി തിങ്കളിലെ തിരുക്കർമ്മങ്ങളിലൂടെ നാം പ്രവേശിക്കുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ഇക്കൊല്ലത്തെ തന്റെ നോമ്പുകാല സന്ദേശത്തിന്റെ മുഖ്യദർശനമായി തിരഞ്ഞെടുത്തത് "ഇതാ നാം ജറുസലേമിലേക്ക് പോകുന്നു" (മത്തായി 20:18) എന്ന ഈശോയുടെ തിരുവചനമാണ്. എന്താണ് ഈ യാത്രയുടെ ഉദ്ദേശ്യവും ലക്ഷ്യവുമെന്ന് മത്തായിയുടെ സുവിശേഷത്തിൽ തുടർന്ന് നാം വായിക്കുന്നുണ്ട്. "മനുഷ്യപുത്രൻ പ്രധാനപുരോഹിതന്മാർക്കും നിയമജ്ഞന്മാർക്കും ഏല്പിക്കപ്പെടും. അവർ അവനെ മരണത്തിനു വിധിക്കുകയും വിജാതീയർക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യും. അവർ അവനെ പരിഹസിക്കുകയും പ്രഹരിക്കുകയും ക്രൂശിക്കുകയും ചെയ്യും. എന്നാൽ മൂന്നാം ദിനം അവൻ ഉയിർപ്പിക്കപ്പെടും." (മത്തായി 20:18-19) നോമ്പുകാലം ഒരാത്മീയ യാത്രയാണ്. നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി തന്നെത്തന്നെ എളിമപ്പെടുത്തുകയും മരണത്തോളം, കുരിശുമരണത്തോളം അനുസരണമുള്ളവനാകുകയും ചെയ്തവനെ അനുസ്മരിച്ചും പിഞ്ചെന്നും കൊണ്ടുള്ള ആത്മീയയാത്ര!

പാപത്തെയും പാപമാർഗങ്ങളെയും ഉപേക്ഷിച്ച്, പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ പുത്തൻ മനുഷ്യരായി ജനിക്കാൻ ഈ ഉയിർപ്പു തിരുനാൾ നമുക്ക് കൃപ നൽകട്ടെ. ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ദാനധർമത്തിന്റെയും അഭ്യസനത്തിൽ നമുക്കു മുന്നേറാം. മാനസാന്തരത്തിനുള്ള ഈ കാലഘട്ടത്തിൽ വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികസുകൃതങ്ങളിൽ തീക്ഷ്ണമായി വളരാൻ ഫ്രാൻസിസ് പാപ്പ നമ്മെ ആഹ്വാനം ചെയ്യുന്നു.

1. നമ്മുടെ വിശ്വാസം നമുക്ക് ഏറ്റുപറയാം. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായെ ഏറ്റുപറയുന്നതാണ് ക്രൈസ്തവവിശ്വാസം. പിതാവിനാൽ ഈ ലോകത്തിലേക്ക് അയക്കപ്പെട്ടവൻ പരിശുദ്ധാത്മാഭിഷേകത്താൽ നമ്മുടെ രക്ഷകനും നാഥനുമായി ഉയിർപ്പിന്റെ മഹിമയിൽ പ്രവേശിച്ചു. നമുക്കുവേണ്ടി അനുസരണം അഭ്യസിച്ച്, സ്വയം എളിമപ്പെടുത്തിയ ഈശോയെ ഉപവാസത്തിലൂടെയും ഇന്ദ്രിയ നിഗ്രഹണത്തിലൂടെയും നമുക്കു പിഞ്ചെല്ലാം. സ്വയം പരിത്യജിച്ച്, കൃപയുടെ വഴിയേ നടന്ന് വിശ്വാസം അഭ്യസിക്കാം. തിന്മയിൽനിന്നകന്ന് നമ്മുടെ ഹൃദയത്തെ ദൈവത്തിന്റെ വാസസ്ഥാനമാക്കാം.

ഉപഭോഗസംസ്കാരത്തോടും വാർത്താമാധ്യമങ്ങളുടെ അതിപ്രസരത്തോടും ആത്മനിയന്ത്രണത്തോടെ ഭാവാത്മകമായി പ്രതികരിക്കാൻ നമുക്കു സാധിക്കട്ടെ. മതനിരപേക്ഷമായ ഇന്നത്തെ സംസ്കാരത്തിൽ ഏകരക്ഷകനായ ഈശോയിലുള്ള നമ്മുടെ ജീവിക്കുന്ന വിശ്വാസം ഏറ്റുപറയാം. വിശ്വാസാനുഭവത്തിൽ വ്യക്തിപരമായി ആഴപ്പെട്ട് ത്രിയേകദൈവികകൂട്ടായ്മയിൽ നമുക്കു വളരാം.

2. പ്രത്യാശയിൽ വളരാൻ ആഹ്വാനം ചെയ്യുമ്പോൾ ഈശോ ജീവജലം വാഗ്ദാനം ചെയ്ത സമരിയക്കാരിയുടെ ചിത്രമാണ് ഫ്രാൻസിസ് പാപ്പ നമ്മുടെ മുൻപിൽ വയ്ക്കുന്നത്. ആ പാവം സ്ത്രീ ശാരീരിക ദാഹജലത്തെപ്പറ്റി ചിന്തിക്കുമ്പോൾ, ഈശോ അവൾക്ക് വാഗ്ദാനം ചെയ്യുന്നത് പരിശുദ്ധാത്മാവിൽനിന്നു നിർഗളിക്കുന്ന ആത്മീയജലമാണ്. മാനുഷികമായി ചിന്തിച്ചാൽ നിരാശ തോന്നാവുന്ന ഇല്ലായ്മയിലൂടെയും തിരസ്കരണത്തിലൂടെയും സഹനങ്ങളിലൂടെയും, എന്തിന്, നിഷ്ഠുരമായ കുരിശുമരണത്തിലൂടെയും കടന്നുപോയ, ഉത്ഥിതനായ ഈശോയാണ് നമ്മുടെ പ്രത്യാശയുടെ ആണിക്കല്ലും അടിത്തറയും. ലോകജനത ഏറെ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ കൊറോണകാലത്ത്, അജ്ഞാതവും ഇരുണ്ടതെന്നു തോന്നിക്കുന്നതുമായ ഭാവി നമ്മെ തുറിച്ചു നോക്കുന്ന അവസരത്തിൽ ഈശോയുടെ ഉയിർപ്പ് വിശ്വാസികളായ നമുക്ക് പ്രത്യാശയുടെ പ്രകാശമാണ്. നമുക്കു ചുറ്റുമുള്ള അസ്വസ്ഥമനസ്സുകളെ ആശ്വസിപ്പിക്കാനും സാന്ത്വനപ്പെടുത്താനും പ്രത്യാശപങ്കുവച്ച് ബലപ്പെടുത്തുവാനും നമുക്ക് കടമയുണ്ട്. കരയുന്നവരുടെ കണ്ണീരൊപ്പുന്ന, ദുഃഖിക്കുന്നവരെ സന്തോഷിപ്പിക്കുന്ന, മുറവിളികൂട്ടുന്നവരെ ശാന്തരാക്കുന്ന, വേദനിക്കുന്നവരെ സമാശ്വസിപ്പിക്കുന്ന, പഴയതെല്ലാം തുടച്ചുമാറ്റി പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്ന കർത്താവീശോമിശിഹായാണ് നമ്മുടെ പ്രത്യാശ (വെളിപാട് 21).

3. വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പൂർത്തീകരണമായ സ്നേഹമാണ് സർവ്വപ്രധാനം (1 കോറി. 13) എന്ന് നമുക്കു തിരിച്ചറിയാം. മിശിഹായുടെ കാലടികൾ പിഞ്ചെല്ലുന്നവൻ എല്ലാവരെപ്പറ്റിയും കരുതലും കരുണയുമുള്ളവനായിരിക്കണം. വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഉന്നതശ്രേണിയായ സ്നേഹം അനുഭവിക്കുന്നവനും അഭ്യസിക്കുന്നവനും പങ്കുവയ്ക്കുന്നവനുമാകണം. മറ്റുള്ളവരുടെ വളർച്ചയിൽ സ്നേഹം സന്തോഷിക്കും. അതുപോലെ മറ്റുള്ളവരുടെ വേദനയിൽ സ്നേഹം ദുഃഖിക്കും. കുർബാനയിൽ നാം പ്രാർത്ഥിക്കുന്നതുപോലെ, ക്ലേശിതരും ദുഃഖിതരും ദരിദ്രരും പീഡിതരും രോഗികളും ആകുലരുമായ എല്ലാവരെയും കർത്താവിൽ ചേർത്തു പിടിക്കാൻ നമുക്കാകണം.

സ്നേഹം നമ്മുടെ ജീവിതത്തിന് അർത്ഥം നൽകുന്ന ദൈവികദാനമാണ്. എല്ലാവരുമായി സ്നേഹം പങ്കുവയ്ക്കാൻ നമുക്ക് കടമയുണ്ട്. ദാനധർമ്മം നമ്മെ അതിനു സഹായിക്കും. വിശുദ്ധ കുർബാനയിൽ കർത്താവു പങ്കുവയ്ക്കുന്ന ജീവന്റെ അപ്പം സ്വീകരിക്കുന്ന നമ്മൾ അനുദിനജീവിതത്തിൽ അപ്പം പങ്കുവയ്ക്കാൻ സന്നദ്ധരാകണം.

അങ്ങനെ ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ദാനധർമത്തിന്റെയും അഭ്യസനത്തിലൂടെ, വിശ്വാസം, ശരണം, ഉപവി എന്നീ ദൈവിക സുകൃതങ്ങളിൽ വളർന്ന് ഉത്ഥിതനായ ഈശോയിലേക്ക് അനുദിനം നടന്നടുക്കാൻ ഈ നോമ്പുകാലം നമുക്കുപകരിക്കട്ടെ.

ഈശോയെ എന്നും അനുഗമിച്ച, കുരിശിൻ ചുവട്ടിൽ എല്ലാറ്റിനും സാക്ഷിയായി നിന്ന, അവസാനം ഉയിർപ്പിന്റെ മഹിമയിൽ പങ്കുചേർന്ന്, സെഹിയോൻ ശാലയിൽ പരിശുദ്ധാത്മാഭിഷേകത്തിൽ ശ്ലീഹന്മാർക്കു കൂട്ടുനിന്ന പരിശുദ്ധ അമ്മയെ വിശ്വാസതീർത്ഥാടനത്തിൽ വഴികാട്ടിയായി നമുക്കു സ്വീകരിക്കാം.

ഫ്രാൻസിസ് മാർപ്പാപ്പ ഈ അടുത്തയിടെ ആഹ്വാനം ചെയ്ത രണ്ടു കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. വിശുദ്ധ യൗസേപ്പിതാവിന് പ്രതിഷ്ഠിതമായ വർഷവും, കുടുംബവർഷവും ആചരിക്കാനുള്ള ആഹ്വാനമാണത്.

ഈ അവസരത്തിൽ യൗസേപ്പിതാവിനെ പ്രത്യേകം അനുസ്മരിക്കാനും ആ വന്ദ്യപിതാവിന്റെ മാതൃക അനുകരിക്കാനും വിശുദ്ധന്റെ പ്രത്യേക മാദ്ധ്യസ്ഥ്യം തേടാനും നമുക്കു പരിശ്രമിക്കാം. ദൈവത്തെ എന്നും അനുസരിച്ച, എളിയവനായ, നീതിമാനായ, സർവത്രികസഭയുടെ സംരക്ഷകനായ, തിരുക്കുടുംബനാഥനായ, തൊഴിലാളികളുടെ മധ്യസ്ഥനായ, നൽമരണ മദ്ധ്യസ്ഥനായ യൗസേപ്പിതാവിന്റെ തിരുനാൾ ഇക്കൊല്ലം മാർച്ച് 19 ന് നോമ്പുകാല ചൈതന്യവും കോവിഡ് നിബന്ധനകളും പാലിച്ചുകൊണ്ട് പൂർവ്വാധികം ആഘോഷമായി ആചരിക്കാൻ എല്ലാവരും ശ്രമിക്കണം. അന്നേദിനം തന്നെ നമ്മുടെ എല്ലാ സമൂഹങ്ങളിലും വിശുദ്ധകുർബാനയർപ്പണം സാധ്യമാക്കാൻ ബഹുമാനപ്പെട്ട അച്ചന്മാരെയും കൈക്കാരൻമാരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നാം അധിവസിക്കുന്ന രാജ്യത്തിനും നമ്മുടെ രൂപതയ്ക്കും ഇടവകസമൂഹങ്ങൾക്കും കുടുംബങ്ങൾക്കും ഇത് ദൈവാനുഗ്രഹത്തിന്റെ സവിശേഷമായ അനുഭവമാകട്ടെ.

2021 മാർച്ച് 19 ന് ആരംഭിച്ച് 2022 ജൂൺ 26 വരെ നീണ്ടുനിൽക്കുന്ന കുടുംബവർഷാചരണം യൗസേപ്പിതാവിന്റെ തിരുനാളിൽ ഉദ്ഘാടനം ചെയ്യാൻ ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്തത് എല്ലാവരെയും ഓർമ്മിപ്പിക്കുന്നു. നമ്മുടെ കുടുംബങ്ങളെ വിശുദ്ധീകരിക്കാൻ യൗസേപ്പിതാവിന്റെ മാതൃകയും മാദ്ധ്യസ്ഥ്യവും നമുക്ക് പ്രചോദനമാകണം. "സ്നേഹത്തിന്റെ സന്തോഷം" (Joy of Love) എന്ന ഫ്രാൻസിസ് പാപ്പായുടെ ശ്ലൈഹികാഹ്വാനത്തിന്റെ പരിചിന്തനങ്ങൾ നമ്മുടെ പഠനത്തിന് ഈ കാലഘട്ടത്തിൽ വിഷയമാകണം. കുടുംബകൂട്ടായ്മകളിൽ "സ്നേഹത്തിന്റെ സന്തോഷം" പഠന-ചർച്ചാ വിഷയമാക്കാം. അനുദിന കുടുംബ പ്രാർത്ഥനയിലും കുടുംബാംഗങ്ങൾ തമ്മിലുള്ള വ്യക്തിബന്ധങ്ങളിലും വളരാൻ നമുക്ക് തീവ്രമായി പരിശ്രമിക്കാം. കുടുംബത്തിന്റെ മൂല്യവും ഐക്യവും സ്നേഹവും നമുക്ക് ഊട്ടിയുറപ്പിക്കാം.

നോമ്പുകാലത്ത് വിശുദ്ധ കുർബാനയിൽ പ്രാർത്ഥിക്കുന്നതുപോലെ "യഥാർത്ഥമായ പ്രാർത്ഥനാചൈതന്യവും സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലർത്തിക്കൊണ്ട് ഈ നോമ്പുകാലം ഫലദായകമാക്കാൻ" കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ

+ബോസ്കോ പുത്തൂർ

2021 ഫെബ്രുവരി 11

(ലൂർദ്ദ് മാതാവിന്റെ തിരുനാൾ)

NB: ഈ ഇടയലേഖനം 2021 ഫെബ്രുവരി 14 ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.